File No.S4/82/2020-HEALTH

15 MAY 2020

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - ജീവനക്കാര്യം - ഡോ. ഷബാന ഷംസ് എൻ., അസിസ്റ്റന്റ് സർജൻ, സാമൂഹ്യാരോഗ്യ കേന്ദ്രം, മങ്കട, മലപ്പുറം - മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ ഡെർമറ്റോളജി & വെനറോളജി വിഭാഗം സീനിയർ റസിഡന്റ് തസ്തികയിലെ അന്യത്ര സേവനം ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്

സ.ഉ.(സാധാ) നം.870/2020/ആ.ക.വ    തീയതി,തിരുവനന്തപുരം, 12/05/2020

---

പരാമർശം:- (1) സ.ഉ (സാധാ.)നം. 1010/2019/ആ.ക.വ. തീയതി 30.04.2019.

(2) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 16.02.2020-ലെ ഇ.എ6-8861/2020/ആ.വ.ഡ. നമ്പർ നിരാക്ഷേപ പത്രം.

(3) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 02.04.2020-ലെ എൻ.സി.2/651/2019/ഡി.എം.ഇ. നമ്പർ കത്ത്.

<u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ മങ്കട സാമൂഹ്യാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് സർജനായ ഡോ. ഷബാന ഷംസ് എൻ.-ന് മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ ഡെർമറ്റോളജി & വെനറോളജി വിഭാഗം സീനിയർ റസിഡന്റ് തസ്തികയിൽ പരാമർശം (1) പ്രകാരം അനുവദിച്ചിട്ടുള്ള അന്യത്ര സേവനം നിലവിലുള്ള അന്യത്ര സേവന വ്യവസ്ഥകൾക്ക് വിധേയമായി 14/05/2020 മുതൽ ഒരു വർഷത്തേയ്ക്കോ, പ്രസ്തുത തസ്തികയിൽ ബോർഡ് പ്രകാരമുള്ള നിയമനം നടത്തുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ, ദീർഘിപ്പിച്ച് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2) അനുവദിക്കപ്പെട്ട കാലയളവിനുശേഷവും അന്യത്ര സേവനത്തിൽ തുടരുന്നത് കെ.എസ്സ്.ആർ. ഭാഗം-1, ചട്ടം 140(സി) പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് കാരണമാകുന്നതും, ഇക്കാലയളവിൽ അർഹമാകുന്ന ഇൻക്രിമെന്റ് മാതൃവകുപ്പിൽ തിരികെ പ്രവേശിക്കുന്നതുവരെ സഞ്ചിത ഫലത്തോടെ മാറ്റിവയ്ക്കപ്പെടുന്നതും, ഇക്കാലയളവ് പെൻഷൻ ആനുകൂല്യങ്ങൾക്കായി കണക്കാക്കുകയോ മുൻകാല പ്രാബല്യത്തോടെ ക്രമീകരിച്ച് നൽകുകയോ ചെയ്യുന്നതുമല്ല. കൂടാതെ, അന്യത്ര സേവന കാലയളവ് അവസാനിച്ച് കഴിഞ്ഞും അനുമതിയില്ലാതെ തുടർന്നാൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കൈപ്പറ്റുന്നത് തടയപ്പെടുന്നതുമാണ്. അന്യത്രസേവനം ദീർഘിപ്പിച്ച് ഉത്തരവാകാത്ത പക്ഷം, അനുവദിക്കപ്പെട്ട അന്യത്ര സേവനകാലം അവസാനിക്കുമ്പോൾ ഡോ.ഷബാന ഷംസ് എൻ.-നെ വിടുതൽ ചെയ്ത് മാതൃവകുപ്പിലേക്ക് തിരിച്ചയയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ്.സി.ഡി
ഡെപ്യൂട്ടിസെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഡോ. ഷബാന ഷംസ് എൻ., അസിസ്റ്റന്റ് സർജൻ, സാമൂഹ്യാരോഗ്യ കേന്ദ്രം, മങ്കട, മലപ്പുറം. (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തരം.)
പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, മഞ്ചേരി, മലപ്പുറം
ജില്ലാ മെഡിക്കൽ ഓഫീസർ, മലപ്പുറം.
അക്കൗണ്ടന്റ് ജനറൽ (എ& ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ. വിവര-പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ ഓഫിസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.